# MALAYALA MANORAMA - 29-05-2025

# 'വികസിത് കൃഷി സങ്കൽപ് അഭിയാൻ'

കൊച്ചി● രാജ്യത്തെ ഒന്നരക്കോടി കർഷകരുമായി ശാസ്ത്രജ്ഞരും വിദഗ്ധരും ഉദ്യോഗസ്ഥരും നേരിട്ടു സംവദിക്കുന്ന 'വികസിത് കൃഷി സങ്കൽപ് അഭിയാൻ' പ്രചാരണ പദ്ധതിയിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ (സിഫ്റ്റ്) നിന്നുള്ള 47 ശാസ്ത്രജ്ഞർ പങ്കെടുക്കും. 14 ജില്ലകളിൽ ഇവർ കർഷകരെ കാണും. കേരളത്തിലെ ഏകദേശം 2 ലക്ഷത്തോളം കർഷകർക്കു പ്രയോജനപ്പെടുന്ന സംരംഭം ആണിതെന്നു സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അറിയിച്ചു. പരിപാടി ഇന്നു മുതൽ ജൂൺ 12 വരെ.